# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC).

അയ്യങ്കാളി ഭവൻ, രണ്ടാം നില, കനക നഗർ, കവടിയാർ (പി.ഒ),
തിരുവനന്തപുരം-695003, ഫോൺ : 0471 2727010.**Email**:kspwdctpm@gmail.com

---

## ടെണ്ടർ നോട്ടീസും വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള നിബന്ധനകളും

**നമ്പർ. KSPMMWDC/37/2019** **തീയതി : 18/11/2019**

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുതിയ വാഹനം (എയർ കണ്ടീഷൻഡ്), (4+1 സീറ്റർ Indica, Indigo, swift dzire etc) ഡ്രൈവർ ഉൾപ്പെടെ പരമാവധി രണ്ട് വർഷത്തേക്ക് വരെ മാസ വാടക വ്യവസ്ഥയിൽ തരുന്നതിന് തിരുവനന്തപുരം നഗര പരിധിയിലുള്ള കാറുടമകളിൽ നിന്ന് സീൽ ചെയ്ത ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. വാഹനം 2015 ജനുവരി 1 നു ശേഷം രജിസ്റ്റർ ചെയ്തവയായിരിക്കണം.

<u>വ്യവസ്ഥകൾ</u>

1. ടെണ്ടറിൽ നിയമാനുസൃതമായി എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്.

2. ടെണ്ടർ ഫോമുകൾ കോർപ്പറേഷന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച് സീൽ ചെയ്ത ടെണ്ടറുകൾ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, അയ്യങ്കാളി ഭവൻ, രണ്ടാം നില, കനകനഗർ, കവടിയാർ പി.ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2019 നവംബർ മാസം 30ന് 3.00PM ന് മുമ്പ് കിട്ടത്തക്ക വണ്ണം അയക്കേണ്ടതാണ്.

3. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം (ഇ.എം.ഡി) തുകയായി 1000/- രൂപ ക്യാഷായോ ഡി.ഡി. യായോ തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽ ഒടുക്കേണ്ടതാണ്.

4. ടാക്സി പെർമിറ്റിന്റെ കോപ്പി, ആർ സി ബുക്കിന്റെ കോപ്പി, വാഹന ഉടമസ്ഥന്റെ തിരിച്ചറിൽ കാർഡിന്റെ കോപ്പി എന്നിവ ടെണ്ടർ സമർപ്പിക്കുമ്പോൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

5. ടെണ്ടർ 2019 നവംബർ മാസം 30-ന് 4.00 PM ന് അന്നേ ദിവസം ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ഒരേ നിരക്കിലുള്ള തുക നൽകുന്ന പക്ഷം വാഹനം ഇതുവരെ ഓടിയ ദൂരം കണക്കിലെടുത്തായിരിക്കും ( കുറഞ്ഞ ദൂരം ഓടിയ വാഹനത്തിന് മുൻഗണന നൽകുന്നതായിരിക്കും.) ടെണ്ടർ സ്ഥിരപ്പെടുത്തുന്നത്.

6. ടെണ്ടർ നേടുന്ന കരാറുകാരൻ ഓഫീസിൽ നിന്നും അറിയിക്കുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 200/- രൂപ മുദ്രപ്പത്രത്തിൽ KSPMMWDC മാനേജിംഗ് ഡയറക്ടറുമായി കരാർ വയ്ക്കേണ്ടതാണ്. ടെണ്ടർ സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ച് 4 ദിവസത്തിനുള്ളിൽ വാഹനം നൽകേണ്ടതും 2 ദിവസത്തിനുള്ളിൽ ഇൻസ്പെക്ഷനായി വാഹനം കോർപ്പറേഷന്റെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

7. പ്രതിമാസം വാഹനം ഓടുന്ന ആദ്യത്തെ 1500 കിലോമീറ്ററിന് മൊത്തത്തിലും തുടർന്നുള്ള കിലോമീറ്ററുകൾക്ക് ഒരു കിലോമീറ്റർ നിരക്കിലും ടെണ്ടറിൽ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.

8. ഇന്ധന വില മാറുന്നതനുസരിച്ച് കരാർ പ്രകാരമുള്ള കി.മീ. നിരക്കിൽ മാറ്റം വരുത്താവുന്നതല്ല.

9. വാഹനത്തിന്റെ റിപ്പയർ ചെലവുകൾ വാഹന ഉടമതന്നെ വഹിക്കേണ്ടതാണ്.

10. പരമാവധി കരാർ കാലാവധി ഒരു വർഷം ആയിരിക്കും.

11. പ്രവർത്തന സമയം സാധാരണനിലയിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും 9.30AM മുതൽ 5.30PM വരെയും അധികസമയം വേണ്ടി വരുന്ന ദിവസങ്ങളിൽ ചുമതലപ്പെട്ട അധികാരികൾ പ്രത്യേകം അറിയിക്കുന്നതു പോലെയും ആയിരിക്കും. കോർപ്പറേഷന് ആവശ്യമുള്ള എല്ലാ സമയങ്ങളിലും വാഹനം ലഭ്യമാക്കേണ്ടതാണ്.

12. ഏതെങ്കിലും കാരണം കൊണ്ട് വാഹനം ഉപയോഗിക്കാൻ കഴിയാതെ വരുകയാണെങ്കിൽ പകരം വാഹനം ഏർപ്പെടുത്തേണ്ടതാണ്.

13. വാഹനത്തിന് ടാക്സി / ടൂറിസ്റ്റ് പെർമിറ്റ്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

14. വാഹനത്തിൽ KSPMMWDC എന്ന ബോർഡ് വയ്ക്കണം.

15. ഡ്രൈവർക്ക് മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന ലൈസൻസ്, ബാഡ്ജ് എന്നിവ ഉണ്ടെന്ന് ഉടമ ഉറപ്പുവരുത്തേണ്ടതാണ്. ടി യാന് 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും തിരുവനന്തപുരം ജില്ലയിലെ സ്ഥലങ്ങളെ കുറിച്ചും റോഡുകളെകുറിച്ചും നല്ല ബോധ്യവും ഉണ്ടായിരിക്കേണ്ടതാണ്.

16. ഡ്യൂട്ടി സമയത്ത് ഡ്രൈവറുടെ അച്ചടക്കം നിർബന്ധമായും പാലിക്കേണ്ടതാണ്.

17. ഡ്രൈവറുടെ ചിലവുകൾ ഒന്നും തന്നെ കോർപ്പറേഷൻ വഹിക്കുകയില്ല.

18. പ്രവർത്തന സമയത്ത് എല്ലാ മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടതാണ്. പ്രസ്തുത നിയമ ലംഘനം മൂലമുണ്ടാകുന്ന പിഴ കോർപ്പറേഷൻ ഒടുക്കുന്നതല്ല.

19. വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഡ്രൈവർ യാത്രയുടെ വിവരങ്ങൾ, യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര്, യാത്ര ചെയ്ത സ്ഥലം, ദൂരം തുടങ്ങിയവ രജിസ്റ്ററിൽ ചേർക്കേണ്ടതും വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥരിൽ നിന്ന് ഒപ്പ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

20. ഡ്രൈവറും KSPMMWDC ജീവനക്കാരും മാത്രമേ വാഹനം ഉപയോഗിക്കുവാൻ പാടുള്ളൂ. വാഹനം KSPMMWDC ഓഫീസ് ആവശ്യത്തിനല്ലാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

21. തുക നൽകുന്നത് ബിൽ നൽകി 10 ദിവസത്തിനകം Account payee ചെക്കായോ / ഇ-ട്രാൻസ്ഫർ മുഖേനയോ നിയമ പരമായ കിഴിവുകളും മറ്റു കിഴിവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതും കുറവു ചെയ്തതിനു ശേഷമായിരിക്കും.

22. TDS കുറവ് ചെയ്യുന്നതായിരിക്കും

23. ടെണ്ടർ സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾ കോർപ്പറേഷന്റെ ഓഫീസിൽ നിന്നും ലഭ്യമാണ്. ഫോൺ:0471 2727010

മാനേജിംഗ് ഡയറക്ടർ

# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC).

അയ്യങ്കാളി ഭവൻ, രണ്ടാം നില, കനക നഗർ, കവടിയാർ (പി.ഒ),

തിരുവനന്തപുരം-695003, ഫോൺ : 0471 2727010.**Email**:kspwdctpm@gmail.com


---

## വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ ഫോറം

| ക്രമ നമ്പർ | വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|
| 1. | അപേക്ഷകന്റെ പേരും മേൽ വിലാസവും മൊബൈൽ നമ്പറും | |
| 2. | EMD ഒടുക്കിയതിന്റെ വിശദാംശങ്ങൾ | |
| 3. | വാഹനം പ്രതിമാസം 1500 Km ഉപയോഗിക്കുന്നതിനുള്ള നിരക്ക് | |
| 4. | അധികദൂരം ഉപയോഗിക്കുന്നതിന്റെ നിരക്ക് (Km rate) | |
| 5. | വാഹനത്തിന്റെ ബ്രാൻഡ്, കമ്പനി/മോഡൽ, രജിസ്റ്റർ ചെയ്ത തീയതി. | |
| 6. | ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് നമ്പർ | |
| 7. | ബാഡ്ജ് നമ്പർ തീയതി | |
| 8. | ടാക്സി പെർമിറ്റ് നമ്പർ തീയതി | |
| 9. | **സമർപ്പിക്കേണ്ട രേഖകൾ**<br>1) ഡ്രൈവിങ്ങ് ലൈസൻസിന്റെ പകർപ്പ്<br>2) ബാഡ്ജിന്റെ പകർപ്പ്<br>3) ടാക്സി പെർമിറ്റിന്റെ പകർപ്പ്<br>4) വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങളും പകർപ്പും.<br>5) വാഹന ഉടമയുടേയും, ഡ്രൈവറുടേയും തിരിച്ചറിയൽ രേഖകളുടെ പകർപ്പും.<br>6) ഇൻഷുറൻസ് രേഖകളുടെ പകർപ്പ്.<br>7) ഡ്രൈവർക്ക് മുൻപരിചയം ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ. | |

അപേക്ഷകന്റെ ഒപ്പ് / ഓഫീസ് സീൽ